പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4261 25.06.2014 ലെ മറുപടിയ്ക്ക്

## ടൂറിസം വകുപ്പിന്റെ വെബ്സൈറ്റ്

| ചോദ്യം<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.ഡി. സതീശൻ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ടൂറിസം വകുപ്പിന്റെ വെബ്സൈറ്റിന് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) | ഉണ്ട്; ആറ് തവണ കിട്ടിയിട്ടുണ്ട് |
| ബി) | ദേശീയ അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കപ്പെട്ടത് ; വിശദാംശങ്ങൾ എന്തെല്ലാം; | ബി യും സി യും) | വെബ്സൈറ്റിന്റെ മൊത്തത്തിലുള്ള പ്രകടനമാണ് ഈ അംഗീകാരത്തിന് യോഗ്യമാക്കിയത്.<br>വെബ്സൈറ്റിലേക്കുള്ള സന്ദർശകരുടെ എണ്ണത്തിൽ ഏഷ്യ പസഫിക് മേഖലയിലുള്ള ടൂറിസം വെബ്സൈറ്റുകളിൽ മുൻപന്തിയിലുള്ള പത്ത് വെബ്സൈറ്റുകളിൽ ഒന്നാണ് www.keralatourism.org . അവാർഡിന് പരിഗണിച്ച കാലയളവിൽ (2012 ഏപ്രിൽ മുതൽ 2013 മാർച്ച് വരെ) 33,39,700 പേർ സൈറ്റ് സന്ദർശിക്കുകയുണ്ടായി. ഈ വെബ്സൈറ്റിൽ കേരളത്തിനെ സംബന്ധിച്ചുള്ള 1500 ചിത്രങ്ങളും 3000 വീഡിയോകളും അടക്കം 73000 വെബ് പേജുകൾ വിവിധ സർച്ച് എൻജിനുകളിലായി ഇൻഡക്സ് ചെയ്തിട്ടുണ്ട്. 1998 ൽ ഉദ്ഘാടനം ചെയ്യപ്പെട്ട ഈ വെബ്സൈറ്റ് ഇന്ന് 21 ഭാഷകളിൽ ലഭ്യമാണ്. 2013ൽ വെബ്സൈറ്റ് നവീകരിച്ച് റെസ്പോൺസീവ് ഡിസൈനിലേക്ക് മാറ്റിയിട്ടുണ്ട്. ഇതിൻ പ്രകാരം ബ്രൗസ് ചെയ്യുന്ന ഉപകരണത്തിനനുസരിച്ച് വെബ്സൈറ്റിന്റെ ഡിസൈൻ മാറുകയും അത് വീക്ഷിക്കാൻ സാധിക്കുകയും ചെയ്യുന്നുണ്ട്. കൂടുതൽ ആളുകൾ സന്ദർശിക്കുന്നതിലേക്കായി വിവിധ മത്സരങ്ങൾ വെബ്സൈറ്റിലൂടെ നടത്തുന്നുണ്ട്. ഓൺലൈൻ ക്വിസ് പ്രോഗ്രാം, കുട്ടികൾക്കായുള്ള ക്ലിന്റ് മെമ്മോറിയൽ പെയിന്റിംഗ് മത്സരം, ഓൺലൈൻ ഫാസ്റ്റ് ഫുഡ് കോമ്പറ്റീഷൻ തുടങ്ങിയവ ഉദാഹരണങ്ങളാണ്. കൂടാതെ വളരെ പ്രശസ്തമായ തെയ്യങ്ങളുടെ ലൈവ് വെബ്കാസ്റ്റും നിശാഗന്ധി ഉത്സവത്തിന്റെ ലൈവ് വെബ്കാസ്റ്റും ഇക്കാലയളവിൽ |
| സി) | ടൂറിസം മേഖലയിൽ ഇൻഫർമേഷൻ ടെക്നോളജി നൂതന രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തതെന്ന് വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. കൂടാതെ സോഷ്യൽ മീഡിയ വഴിയുള്ള വിവിധ പ്രചാരണ പരിപാടികളും ഇക്കാലയളവിൽ നടത്തപ്പെട്ടുകയുണ്ടായി. വകുപ്പിന്റെ ഫെയ്സ്ബുക്ക് പേജിൽ ഏകദേശം 70 ലക്ഷം പേർ അംഗങ്ങളായുണ്ട്. കേരള ടൂറിസത്തിന് സ്വന്തമായി ഒരു വീഡിയോ ചാനൽ യൂട്യൂബിലുണ്ട്.<br>ടൂർ ഓപ്പറേറ്റർ, ഹൗസ് ബോട്ട്, ഹോം സ്റ്റേ, തുടങ്ങിയവർക്ക് ഓൺലൈൻ അക്രഡിറ്റേഷൻ സൗകര്യം, വിദേശ ടൂറിസ്റ്റുകളുടെ താമസം സംബന്ധിച്ച് പോലീസിനു നൽകേണ്ട സി. ഫോം ഓൺലൈനായി നൽകൽ, ടൂറിസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് ഓൺലൈനായി നൽകൽ തുടങ്ങിയവയ്ക്കും ടി വെബ്സൈറ്റിൽ സൗകര്യമുണ്ട്. |
| ഡി) | ആരെല്ലാമാണ് ഇതിന്റെ പ്രവർത്തനവുമായി സഹകരിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | വകുപ്പിന്റെ ഐ.റ്റി വിഭാഗം കൈകാര്യം ചെയ്യുന്ന എംപാനൽഡ് ഏജൻസിയായ ഇൻവിസ് മൾട്ടി മീഡിയയും മാർക്കറ്റിംഗ് കൈകാര്യം ചെയ്യുന്ന എംപാനൽഡ് ഏജൻസികളായ സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻസ്, ഡ്രാഫ്റ്റ് എഫ്.സി.ബി.- ഉൾക്ക എന്നിവരും ഈ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ